പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5779 — 29.07.2015 ൽ മറുപടിക്ക്

## ചലച്ചിത്ര രംഗത്തെ പ്രതിസന്ധി

ചോദ്യം — ഉത്തരം

ശ്രീ.സി.എഫ്. തോമസ് :
ശ്രീ. റ്റി.യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചലച്ചിത്ര രംഗത്തെ പ്രതിസന്ധി പരിഹരിക്കുന്നതിനും മലയാള സിനിമയെ ഉന്നതിയിൽ എത്തിക്കുന്നതിനും സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) | മലയാള സിനിമാ മേഖലയെപ്പറ്റി പഠിച്ച് ആവശ്യമായ മാറ്റങ്ങളും പരിഷ്കാരങ്ങളും ശുപാർശ ചെയ്യുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാനും ശ്രീ. ഷാജി എൻ.കരുൺ, ശ്രീ. പന്തളം സുധാകരൻ, ശ്രീ. ജി.സുരേഷ് കുമാർ, ശ്രീമതി. റാണി ജോർജ്ജ് ഐ.എ.എസ്. എന്നിവർ അംഗങ്ങളുമായുള്ള ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയോഗിക്കുകയും ടി സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അതിൻ പ്രകാരമുള്ള പരിഷ്കാരങ്ങൾ നടപ്പാക്കി വരികയും ചെയ്യുകയാണ്. |
| (ബി) | മലയാള സിനിമാ രംഗത്തെ കിടമത്സരങ്ങൾ ഒഴിവാക്കി നല്ല സിനിമകൾ നിർമ്മിക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ ; | ബി) | സംസ്ഥാനത്ത് നല്ല സിനിമ നിർമ്മിക്കുന്നവരെയും, പുതിയ തലമുറയിലെ സിനിമാ സംരംഭകരേയും പ്രോൽസാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയിലൂടെ പാക്കേജ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ സ്കീമിൽ രണ്ടു ലക്ഷം രൂപ അടച്ച് എഗ്രിമെന്റ് വച്ചാൽ സിനിമയുടെ ഷൂട്ടിംഗിന് ആവശ്യമായ യൂണിറ്റ്, ലൈറ്റുകൾ, പോസ്റ്റ് പ്രൊഡക്ഷൻ വർക്കിനുള്ള സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാണ്. ഇതിനുശേഷം പടം സെൻസർ ചെയ്ത് പ്രദർശനത്തിന് തയ്യാറാക്കുകയും ചെയ്യാം. ഇങ്ങനെ ചിത്രാഞ്ജലിയുടെ സ്കീമിൽ ഇവിടത്തെ സാങ്കേതിക സഹായത്തോടെ ചെയ്യുന്ന പടങ്ങൾക്കും (ഡിജിറ്റൽ) നിലവിൽ അഞ്ചു ലക്ഷം രൂപ സബ്സിഡി നല്കുന്നുണ്ട്. ഇത് കൂടാതെ ഇൻഡ്യൻ പനോരമ സെലക്ഷൻ, ഏറ്റവും മികച്ച ചിത്രത്തിനുള്ള നാഷണൽ അവാർഡ്, സംസ്ഥാന അവാർഡ് എന്നിവ ലഭിക്കുന്ന ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ചെയ്ത |

| | | | |
|---|---|---|---|
| | | | ചിത്രങ്ങൾക്ക് അധികമായി രണ്ടു ലക്ഷം രൂപ സബ്സിഡി നല്കുന്നുണ്ട്. മികച്ച രണ്ടാമത്തെ അവാർഡ് ലഭിച്ച ചിത്രാഞ്ജലി ചിത്രങ്ങൾക്കും ഒരു ലക്ഷം രൂപ അധികമായി സബ്സിഡി നല്കുന്നുണ്ട്. നിർമ്മാതാക്കളെ സഹായിക്കാനായി തുക സ്റ്റുഡിയോ ബില്ലിൽ പൂർണ്ണമായും അഡ്ജസ്റ്റ് ചെയ്യാറുണ്ട്. |
| (സി) | സിനിമാ വ്യവസായവുമായി ബന്ധപ്പെട്ട വിവിധ സംഘടനകളെ ഒരു കുടക്കീഴിൽ അണിനിരത്തി ഈ വ്യവസായം നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണുവാൻ ശ്രമിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | പൈറസി അടക്കമുള്ള സിനിമാ വ്യവസായവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങളിൽ, സിനിമാരംഗത്തെ സംഘടനകളെ ഉൾപ്പെടുത്തിക്കൊണ്ട്, പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുകയും ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

Saradadevi

സെക്ഷൻ ഓഫീസർ